# വിജ്ഞാപനം

## കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷൻ - ജില്ലയിലെ വിവിധ സി.ഡി.എസുകളിൽ ഉള്ള അക്കൗണ്ടന്റുമാരുടെ (കരാർ) ഒഴിവുകൾ

പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള കുടുംബശ്രീ സി.ഡി.എസുകളിലെ അക്കൗണ്ടന്റുമാരുടെ നിലവിലുള്ള ഒഴിവിലേക്ക് അയൽക്കൂട്ട അംഗം/കുടുംബാംഗമോ ആയവരിൽ നിന്ന് താഴെ പറയുന്ന യോഗ്യതയുള്ള സ്ത്രീ - പുരുഷന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**യോഗ്യതകൾ**

1. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. അപേക്ഷക(ൻ) സി.ഡി.എസ് ഉൾപ്പെടുന്ന ബ്ലോക്ക് പ്രദേശത്ത് താമസിക്കുന്ന വ്യക്തി ആയിരിക്കണം.
2. അപേക്ഷക(ൻ) കുടുംബശ്രീ അയൽകൂട്ടത്തിലെ അംഗമോ കുടുംബാംഗമോ ആയിരിക്കണം. ആശ്രയ കുടുംബാംഗത്തിന് മുൻഗണന. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.കോം ബിരുദവും ടാലി യോഗ്യതയും കംപ്യൂട്ടർ പരിജ്ഞാനവും (എം.എസ്.ഓഫീസ്, ഇന്റർനെറ്റ് ആപ്ലിക്കേഷൻസ് ഉണ്ടായിരിക്കണം.
3. അക്കൗണ്ടിൽ രണ്ട് വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. (സർക്കാർ/ അർദ്ധ സർക്കാർ/ സർക്കാർ ഉടമസ്ഥതയിൽ ഉള്ള കമ്പനികൾ / സഹകരണ സംഘങ്ങൾ/ സഹകരണ ബാങ്ക് എന്നിടവങ്ങളിൽ അക്കൗണ്ടിൽ രണ്ട് വർഷത്തെ പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന.
4. പ്രായ പരിധി - 20 നും 35 നും മദ്ധ്യേ (2020 ഒക്ടോബർ 2 ന് ) കുടുംബശ്രീ സി.ഡി.എസുകളിൽ അക്കൗണ്ടന്റുമാരായി പ്രവർത്തിച്ചവർക്ക് പ്രായപരിധി ബാധകമല്ല.
5. എഴുത്തു പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. എഴുത്തു പരീക്ഷയ്ക്ക് 80 മാർക്കും അഭിമുഖത്തിന് 20 മാർക്കും (ആകെ 100 മാർക്ക്). പരീക്ഷ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, പത്തനംതിട്ട എന്ന വിലാസത്തിൽ മാറാവുന്ന 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം
6. സിലബസ് അക്കൗണ്ടിംഗ് -30 മാർക്ക്, ഇംഗ്ലീഷ് -10 മാർക്ക്, മലയാളം - 10 മാർക്ക്, ജനറൽ നോളജ് - 10 മാർക്ക്, ഗണിതം - 10 മാർക്ക്, കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചും കുടുംബശ്രീ പ്രോഗ്രാമിനെക്കുറിച്ചുമുള്ള അറിവ് -10 മാർക്ക്
7. ഉദ്യോഗാർത്ഥി അപേക്ഷ ഫോം പൂരിപ്പിച്ച് നിർദ്ദിഷ്ട സ്ഥലത്ത് ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സെക്രട്ടറി/ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ ശേഷം സി.ഡി.എസ്. ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിയുടെ മേലൊപ്പോടു കൂടി വിശദമായ ബയോഡേറ്റ, സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ സഹിതം **ജില്ലാമിഷൻ ഓഫീസിൽ നേരിട്ടോ, ജില്ലാമിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാമിഷൻ, മൂന്നാംനില, കളക്ട്രേറ്റ്** എന്ന വിലാസത്തിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

| ക്രമ.നം | ഒഴിവുള്ള സി.ഡി.എസ് |
|---|---|
| 1 | ആനിക്കാട് |
| 2 | കോട്ടാങ്ങൽ |
| 3 | പെരിങ്ങര |
| 4 | ചെന്നീർക്കര |
| 5 | റാന്നി പെരുനാട് |
| 6 | റാന്നി |
| 7 | കോഴഞ്ചേരി |
| 8 | തണ്ണിത്തോട് |

. അപേക്ഷ www.kudumbashree.org എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ് . **അവസാന തീയതി** 20/11/**2020 വൈകുന്നേരം 5 മണി.** അതിനു ശേഷമുള്ളതും ഭാഗികമായി പൂരിപ്പിച്ച/അവ്യക്ത മായ അപേക്ഷകളും സ്വീകരിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ **കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ്** അപേക്ഷ എന്ന് വ്യക്തമായി രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ ജില്ലാമിഷൻ ഓഫീസുമായി **0468-2221807** എന്ന നമ്പരിൽ ബന്ധപ്പെടുക.

വിശ്വസ്തതയോടെ

ജില്ലാമിഷൻ കോഓർഡിനേറ്റർ

DISTRICT MISSION OFFICE
KUDUMBASREE
PATHANAMTHITTA